ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും പ്രോജക്ട് സംബന്ധിച്ച തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡും ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുക സംബന്ധിക്കുന്ന തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശയിന്മേൽ സർക്കാർ അനുമതി നൽകുകയുമാണ് ചെയ്യുന്നത്. ഇതനുസരിച്ച് വാണിജ്യാവശ്യത്തിന് ടോറസിന് നൽകുന്ന ഭൂമിയുടെ ഒറ്റത്തവണ പാട്ടതുക ഏക്കറൊന്നിന് 5 കോടി രൂപയായി നിശ്ചയിക്കുന്നതിനുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശ അംഗീകരിച്ചു. അന്തിമകരാർ ഇതുവരെ ഒപ്പുവെച്ചിട്ടില്ല.

(എഫ്) അനുബന്ധമായി ചേർക്കുന്നു.*

കൊച്ചി സ്മാർട്ട് സിറ്റിയ്ക്ക് നൽകിയ ഭൂമി

323 (663) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സ്മാർട്ട് സിറ്റിക്ക് സർക്കാർ നൽകിയ ഭൂമി എന്തെങ്കിലും ഭാഗം മറ്റേതെങ്കിലും ആവശ്യത്തിലേക്ക് ടീകോം മറിച്ച് വിൽക്കുകയോ ലീസിനു നൽകുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സ്മാർട്ട് സിറ്റിക്കു സർക്കാർ അനുവദിച്ച ഭൂമിയിൽ മറ്റേതെങ്കിലും പദ്ധതിക്ക് ടീകോം ഭൂമി മറിച്ച് നൽയിട്ടിട്ടുണ്ടോ ; ആരുടെയെല്ലാം, ഏതെല്ലാം നിലയിലുള്ള പദ്ധതികൾക്കാണ് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സ്മാർട്ട്സിറ്റി കമ്പനിക്കോ, ടികോമിനോ, അപേക്ഷ ലഭിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) നിലവിലുള്ള ഐ.ടി. കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വന്ന മൊത്തം സ്ഥലം എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഫ്രെയിംവർക്ക് എഗ്രിമെന്റിലേയും പാട്ടക്കരാറിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഐ.ടി./ഐ.ടി. അനുബന്ധ നിക്ഷേപങ്ങൾക്കായി ബാംഗ്ലൂരിലെ കേളചന്ദ്ര ഗ്രൂപ്പിന് 18 ഏക്കറും മാറാട്ട ലിമിറ്റഡിന് മൂന്ന് ഏക്കറും, ഡിജിറ്റൽ ഡിസൈൻസ് ക്ലസ്റ്റനിന് 5 ഏക്കറും ഹോളിഡേ ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ട ചെയ്തിട്ടുണ്ട്. കൂടാതെ GEMS International Schools-ന് 8 ഏക്കറും, ബ്രിഗേഡ് ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(സി) സ്മാർട്ട്സിറ്റി നിർമ്മിക്കുന്ന ആദ്യ ഐ.ടി. കെട്ടിടത്തിന് 10.8 ഏക്കർ സ്ഥലം വേണ്ടിവന്നു.

LIBRARY ARCHIVES Kerala Legislative Assembly